# ചിറകുകൾ

## ഡിജിറ്റൽ മാഗസിൻ



## ഗവ. ഹൈസ്കൂൾ ചക്കുവരയ്ക്കൽ




ചക്കുവരയ്ക്കൽ എന്ന ഗ്രാമത്തിന്റെ സമസ്ത മേഖലകളിലും അക്ഷരവെളിച്ചം പകർന്നു നൽകിയ വിദ്യാലയമുത്തശ്ശി..

1916 ൽ സ്ഥാപിതമായി, ഒരു നൂറ്റാണ്ടിലുമേറെയായി ഒരു നാടിന്റെ മാത്രമല്ല, സമീപദേശങ്ങൾക്കും സർവ്വതോന്മുഖമായ വികാസം പകർന്നു നൽകിയ സരസ്വതിക്ഷേത്രം.. അതാണ് ചക്കുവരയ്ക്കൽ ഗവ. ഹൈസ്കൂൾ...

കേവലമൊരു LP സ്കൂൾ മാത്രമായി സ്ഥാപിച്ച വിദ്യാലയം കാലാന്തരേണ UP സ്കൂൾ ആയും 100 വർഷം തികയുന്ന വേളയിൽ ഹൈ സ്കൂൾ ആയും ഉയർത്തപ്പെട്ടു.. സ്ഥാപിച്ച നാളു തൊട്ടിന്നോളം നാടിന്റെ പുരോഗതിയിലെ നാഴികകല്ലാണ് ഈ വിദ്യാലയമെന്ന് അഭിമാനപുരസ്സരം പറയാൻ കഴിയും.. സമൂഹത്തിലെ ഉന്നതമായ വിവിധ മേഖലകളിൽ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികൾ വിരാജിക്കുന്നു.. സ്കൂൾ ചരിത്രത്തിന്റെ ഏടുകൾ തിരഞ്ഞാൽ സിവിൽ സർവീസ് വരെ നേടി വിജയരഥമേറിയവരെ പൂർവ്വ വിദ്യാർഥികളിൽ കാണാം.. അത്തരത്തിൽ ഉന്നതമായ ശ്രേണികളിൽ വിദ്യാർഥികളെത്തുന്നു എന്നത് സ്കൂളിനും അതിലുപരി നാടിനും അഭിമാനമുയർത്തുന്നു..

ഒരു നൂറ്റാണ്ടിനുമിപ്പുറം ഏറ്റവും മികച്ച അധ്യായനംകൊണ്ടും, മിടുക്കരായ വിദ്യാർഥികളാലും, അർപ്പണബോധമുള്ള അദ്ധ്യാപകരാലും, മികവേറിയ ഭൗതികസാഹചര്യങ്ങളാലും ജില്ലയിലെ എണ്ണം പറഞ്ഞ വിദ്യാലയങ്ങളിലൊന്നായി നമ്മുടെ സ്കൂൾ

മാറിക്കഴിഞ്ഞിരിക്കുന്നു.. കലാകായിക ശാസ്ത്ര മത്സരങ്ങളിലെല്ലാം തനതായ അഭിമാനമുദ്ര പതിപ്പിച്ചു സ്കൂൾ മുന്നേറുകയാണ്.. 2022 ൽ ആരംഭിച്ച അന്താരാഷ്ട്ര നിലവാരത്തിലുള്ള Pre-Primary വിഭാഗം സ്കൂളിന്റെ പ്രൗഢിക്കു മാറ്റ് കൂട്ടുന്നു.. വിദ്യാഭ്യാസമാണ് ഒരുവനെ ഉത്തമനായ മനുഷ്യനാക്കുന്നത്. ഓരോ വിദ്യാർഥിയെയും സമൂഹനന്മയ്ക്കുതകും വിധം പ്രാപ്തനാക്കുമ്പോഴാണ് ഒരു വിദ്യാലയവും അതിലുപരി അതിൽ നിസ്തുലമായ പങ്കു വഹിച്ച അദ്ധ്യാപകനും ചാരിതാർദ്ധ്യത്തിന്റെ നിമിഷങ്ങളാവുന്നത്.. അത്തരത്തിൽ മേന്മയേറിയ വിദ്യാഭ്യാസം നൽകി, തലമുറകൾക്ക് വെളിച്ചമേകിയ നമ്മുടെ വിദ്യാലയം ഇന്നും മികവോടെ.. പ്രൗഢിയോടെ.. പ്രശോഭയോടെ.. പ്രവർത്തിച്ചു മുന്നേറുന്നു...




കെ.സുരേഷ് കുമാർ

**പ്രിയ പ്രഥമാധ്യാപകന് ആദരാഞ്ജലികൾ**



**അനീസ. എസ്**
**ടീച്ചർ ഇൻ ചാർജ്**

**ചക്കുവരക്കൽ ഗവൺമെന്റ് ഹൈസ്കൂളിലെ വർണ്ണച്ചിറകുകൾ ആയ 2022- 25 ബാച്ചിലെ ലിറ്റൽ kites യൂണിറ്റിലെ കുട്ടികൾ അവരുടെ ഭാവനകൾ കോർത്തിണക്കി kites മിസ്ട്രസ്സുകളുടെ സഹായത്തോടെ അവതരിപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ ആണ് " ചിറകുകൾ ". ഇതിൽ പങ്കാളികളായ എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.**



**സ്റ്റാഫ്**



**പ്രവീൺ. എം. ആർ**
**സ്റ്റാഫ് സെക്രട്ടറി**





പരീക്ഷണ ശാല & വായനയിടം



# കലാ പ്രവർത്തനങ്ങൾ





# കായികം






# കൃഷിപാഠം





# വർണ്ണക്കൂടാരത്തിലെ
# കുഞ്ഞു പൂമ്പാറ്റകൾ






## കൗൺസിലിംഗ് ക്ലാസുകൾ





## ടീൻസ് ക്ലബ് പ്രവർത്തനങ്ങൾ





# ക്വിസ് മത്സരങ്ങൾ









# രചനകൾ

വിശാൽ എം ജി
എൽ പി എസ് എ








ലക്ഷ്മിശ്രീ. ബി കെ
അധ്യാപിക

# വരും
# വരാതിരിക്കില്ല........

പ്രണയത്തിന്റെ ഏറ്റവും സുന്ദരമായ തലം എന്തായിരിക്കും.? ഞാൻ പറയും അത് കാത്തിരിപ്പാണെന്നാകും.. പ്രതീക്ഷയുടെ നേരിയ വെട്ടത്തിന്റെ മാത്രം ബലത്തിൽ ജീവിതത്തിലെ ഏറ്റവും പ്രിയപ്പെട്ട ഒരാൾക്കായി കാത്തിരിക്കുക. അവർ തന്നുപോയ പ്രിയതരമായ ഓർമകളിൽ മുഴുകി അവരുടെ അസാന്നിദ്ധ്യങ്ങളിൽ നീറി കാത്തിരിക്കുന്നു.. എല്ലാവരും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എന്തിനൊക്കെയോ വേണ്ടി കാത്തിരിക്കുന്നവരാണ്. ”അവസാനിക്കാത്ത പ്രാർഥനയാകുന്നു ജീവിതം”എന്ന് ബഷീർ എഴുതിയതിനെ അവസാനിക്കാത്ത കാത്തിരിപ്പാകുന്നു ജീവിതം എന്ന് തിരുത്തി പറയാൻ തോന്നിപ്പോകുന്നു.

കാത്തിരിപ്പിനെപ്പറ്റി പറഞ്ഞു തുടങ്ങുമ്പോഴൊക്കെയും മനസിലെത്തുന്നത് MT യുടെ കാവ്യസുന്ദരമായ നോവൽ മഞ്ഞിലെ നായിക വിമലയെയാണ്.
കാത്തിരിപ്പുകൾ എല്ലാം ജീവിതത്തിൽ അവശേഷിപ്പിക്കുന്നത് എന്താണ്? ഒരിക്കലും മങ്ങാത്ത പ്രതീക്ഷകൾ.. എങ്കിലും കാലം കഴിയുംതോറും കാത്തിരിപ്പിന്റെ തീവ്രത കുറയുന്നു. പ്രതീക്ഷകളിൽ കരിനിഴൽ വീഴുന്നു. പക്ഷേ എത്ര കാലം കഴിഞ്ഞിട്ടും കാത്തിരിപ്പിന്റെ തീവ്രതയും പ്രണയത്തിന്റെ തീക്ഷ്ണതയും ഒട്ടും ചോരാതെ സൂക്ഷിക്കാൻ കഴിയുന്നവർ ഉണ്ടാകുമോ.? ഉണ്ടാകും. വിമല അങ്ങനെയൊരാളാണ്. ആ കാത്തിരിപ്പിൽ മടുപ്പ് തോന്നാതെ തന്റെ മനസ് കവർന്നൊരാളെ 9 വർഷങ്ങൾക്കിപ്പുറവും കാത്തിരിക്കുന്നു. പ്രതീക്ഷാനിർഭരമായ കാത്തിരിപ്പുകൾക്ക് ജീവിതത്തിൽ സൗന്ദര്യമുണ്ടെന്ന് MT മലയാളിയെ പഠിപ്പിച്ചു.ഞാൻ ആദ്യമായി മഞ്ഞ് വായിക്കുന്നത് 6 ലോ 7 ലോ പഠിക്കുമ്പോഴാണ്. പിന്നീട് എത്ര തവണ വായിച്ചാലും ആദ്യമായി വായിക്കുകയാണെന്ന് തോന്നുംവിധമുള്ള എന്തോ ഒരു മാന്ത്രികത മഞ്ഞ് സമ്മാനിക്കുന്നു.



മിഥുന മോഹനൻ
ക്ലാസ്സ് 5

## ഓണം



അത്തപ്പൂവേ പൊൻമണി പൂവേ
എങ്ങുപോയ് എങ്ങു പോയ് നീ
നെല്ലിമലയുടെ ചാരെയോ
വീടിൻ മുറ്റത്തു കളമെഴുതാൻ പോയോ
ചിറ്റുമലയുടെ ചാരെ പോയോ

ഓണത്തപ്പാ വന്നാട്ടെ
ഊഞ്ഞാലാടാൻ വന്നാട്ടെ
അത്തപ്പൂക്കളമിട്ടാലോ
ഓണ സദ്യ കഴിച്ചാലോ



നെഹൽ ലാൽ. എം
ക്ലാസ്സ് 1



## കിളിയെ രക്ഷിച്ച എലി

ഒരിടത്ത് ഒരു അമ്മക്കിളിയും കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. ഒരുദിവസം അമ്മക്കിളി കാട്ടിലേക്ക് പോയി. അപ്പോൾ അവിടെ ഒരു വേടൻ ഉണ്ടായിരുന്നു. അമ്മക്കിളിയെ വേടൻ കണ്ടിരുന്നു. വേടൻ കിളിയെ പിടിക്കാൻ വല വിരിച്ചു. ആ വലയിൽ അമ്മക്കിളി വീണു. ഇതെല്ലാം ഒരു എലി കാണുന്നുണ്ടായിരുന്നു. വേടൻ പോയപ്പോൾ എലി ആ വലയെല്ലാം കടിച്ചു മുറിച്ചു. അമ്മക്കിളി രക്ഷപെട്ടു. അമ്മക്കിളി എലിക്ക് നന്ദി പറഞ്ഞു. കൂട്ടിലേക്ക് മടങ്ങി.








# പ്രകൃതിയുടെ വിരഹം

പുലർകാല സൂര്യകിരണങ്ങളെന്തേ -
നളിന സരസ്സിലേയ്ക്കെത്തിയില്ല!
കണികണ്ടുണരുവാൻ കൊതിയാർന്നു നിൽക്കുമാ-
നളിന കുഡ്മളങ്ങളും വിടർന്നീല!
പോകുകയാണോ മുകിലുകളെ നിങ്ങൾ -
പെയ്തൊഴിയാതെ അകലുകയോ!
ഒരു കുളിർമാരിയെ തേടിയലഞ്ഞോ
വിരഹിണിയാമെൻ മയൂരമേ; കേഴുകയാണോ
വേഴാമ്പലേ , നീ തേടുകയാണോ നിന്നിണപ്പക്ഷിയെ!
എന്തേ നീ മധുപമേ വന്നണഞ്ഞീല
ചെമ്പനീർപ്പൂവിനെ തനിച്ചാക്കിയോ;
പൗർണമിച്ചന്ദ്രികേ പൂക്കാത്തതെന്തു നീ;
പൊന്നാമ്പൽ പൊയ്കയേ മറന്നുവോ;
കാറ്റും മുളന്തണ്ടും ചേർന്നു പാടുന്നിതാ;
പ്രകൃതി തന്നീ വിരഹഗാനം!



**അൽന്നാസ്**
**ക്ലാസ്സ് 4**









അൽക്ക മാത്യൂ
ക്ലാസ്സ് 9

# നഗരം ഒരു നരകമായി മാറുമ്പോൾ


തന്റെ എല്ലാമെല്ലാമായ ഗ്രാമത്തിൽ നിന്നും അയാൾ പടിയിറങ്ങുകയാണ്. പുതിയ ഒരു ജീവിതത്തിലേക്ക് കാലെടുത്തു വയ്ക്കുകയാണ്. എത്രനാളും പരിചിതമായിരുന്ന ഗ്രാമത്തിന്റെ പച്ചപ്പ് അയാളുടെ കാലുകൾക്ക് അന്യമാവുകയാണ്. പിറന്നാളും അപരിചിതമായിരുന്ന നഗരജീവിതത്തിന്റെ ഭാവങ്ങളിലേക്ക് കാലെടുത്തു വയ്ക്കുകയാണ് അയാൾ.. പക്ഷേ ആ നഗരത്തിൽ അയാളെ കാത്തിരുന്നത് ഒറ്റപ്പെടലും ഏകാന്ത ജീവിതവും ആയിരുന്നു. പതുക്കെ പതുക്കെ നാഗരിക ജീവിതവുമായി പൊരുത്തപ്പെടാൻ സാധിക്കുമെന്ന് കരുതിയെങ്കിലും അയാളുടെ ഉള്ളിലെ ഗ്രാമീണന് അത് സാധിച്ചില്ല. അവിടെ അയാൾക്ക് സമ്മർദ്ദങ്ങൾ ഏറി വന്നു.. ഏകാന്തതയുടെ പടുകുഴിയിലേക്കയാൾ തള്ളിയിടപ്പെട്ടു. കുഴിയിൽ നിന്നും കരകയറാൻ അയാളുടെ ഹൃദയം വെമ്പുന്നുണ്ടായിരുന്നു. എന്നാൽ കയറും തോറും അയാൾ കൂടുതൽ ആഴങ്ങളിലേക്ക് തള്ളിയിടപെട്ടു. ദിവസങ്ങൾ കടന്നുപോയി അയാളുടെ ഗ്രാമത്തിന്റെ മനോഹരമായ ഓർമ്മകൾ അയാളെ വേട്ടയാടാൻ തുടങ്ങി. തിരക്കൊഴിഞ്ഞു വീട്ടിൽ മുറിക്കുള്ളിൽ ഇരിക്കുമ്പോൾ നിദ്ര അയാളെ തഴുകി തലോടി.ഓർമ്മകളുടെ മടിത്തട്ടിലേക്കയാൾ മയങ്ങി വീണു..ഓർമ്മകളുടെ കുളിർക്കാറ്റ് അയാളെ വീശി അടിക്കാൻ തുടങ്ങി. ഇപ്പോൾ അയാൾ അയാളുടെ ഗ്രാമത്തിലേക്ക് സഞ്ചരിക്കുകയാണ്. അവിടുത്തെ പാടത്തും വരമ്പിലും കൂട്ടുകാരോടൊത്ത് പറഞ്ഞു നടക്കുകയാണ് അയാൾ.

എത്ര മനോഹരമായിരുന്നു ആ കാലം.എത്ര സമാധാനപരവും സന്തോഷവരവുമായ ജീവിതം. അന്നുതന്നെ താനിരിക്കുന്ന നാല് ചുമരുകൾക്ക് പുറത്തെ വാഹനങ്ങളുടെ ശബ്ദം കേട്ട് അയാൾ ഞെട്ടി ഉണർന്നു.

അയാൾ ഉറക്കം ഉണർന്നത് ഒരു യാഥാർത്ഥ്യത്തിലേക്ക് ആയിരുന്നു.തന്റെ ഗ്രാമം തനിക്ക് നൽകിയ സമാധാനവും സന്തോഷവും ഒന്നും നൽകാൻ ഈ നഗരത്തിലെ ഒരിക്കലും കഴിയില്ല എന്ന യാഥാർത്ഥ്യത്തിലേക്ക്. ആ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് അയാൾ വീണ്ടും തന്റെ തിരക്കുകളിലേക്ക് മുഴുകി



ദേവിപ്രിയ
ക്ലാസ്സ് 9



# മകളേ മാപ്പ്.........

അമ്മതൻ താരാട്ടിലുമ്മവച്ചുറങ്ങേണ്ടൊരെൻ പൈതലേ.... ഇന്നു നീ മയങ്ങുന്ന
മൺപാതയിൽ  ചെളിയും പുഴുക്കളും നിറഞ്ഞുവെന്നോ........ ഇത്തിരി നേരം നിൻ
ഒച്ചയില്ലാത്തവൾ എങ്ങനെ കഴിയുന്നു പൊന്നു മോളേ....

ഒട്ടിയ വയറുമായ് നിൽക്കുന്നോരീ കുഞ്ഞ്
ഒച്ചയില്ലാതെ തേങ്ങുന്നതെന്തിനാവോ.....
നിറയുന്ന കൺകളിൽ നീരു വറ്റുന്നതും
നോക്കി ഞാൻ നിൽക്കവേ........
നിലാവെളിച്ചം ഇരുളിനാഴങ്ങളിൽ നീന്തിയകലവെ.........

അകലേക്ക് നോക്കിയവൾ ആർന്നു ചിരിക്കുന്നു.......
ആരോ എറിഞ്ഞൊരാ കടലാസ്സു പൊക്കിയവൾ വാരിയെടുക്കുന്നു.......
പൊതിയഴിച്ചവൾ വാരി വാരി കഴിക്കുന്നു
കത്തും വയറിനൊരാശ്വാസമാ യവൾ കിലുങ്ങി ച്ചിരിക്കുന്നു....

തെരുവിലാലയുന്നോരാ പൈതലിൻ മുഖമെൻ
മനസ്സിന്നാഴങ്ങളിൽ വിങ്ങലായ് നിൽക്കവേ.....
ഒരു ചോദ്യമുയരുന്നു എൻ കണ്ഠത്തിൽ....

തെരുവിലെറിയുവാണെങ്കിലീ ജീവനെ...
ഉദരത്തിൽ എന്തിനു പേറി നീ ഇത്ര നാൾ....



അശ്വതി
അഭിലാഷ്

# ലഹരിക്കെതിരെ ഒന്നിക്കാം

മയക്കു മരുന്നിന്റെ ഉപയോഗം മാരകമായ ഒരു വിപത്തായി മാറിയിരിക്കുന്നു.ലഹരി മരുന്നിനോടുള്ള അടിമത്തം വ്യക്തിക്കും കുടുംബത്തിനും മാത്രമല്ല നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്.സമൂഹത്തിന്റെ ആരോഗ്യവും സാമ്പത്തിക സാംസ്കാരിക സുസ്ഥിരതയും ഇത് നശിപ്പിക്കുന്നു. തുടക്കത്തിൽ രസത്തിന് ഉപയോഗിക്കുന്ന ലഹരി വസ്തുക്കൾ കവർന്നെടുക്കുന്നത് ജീവിതത്തിന്റെ സർവ്വ വർണ്ണങ്ങളെയും ആണ്. ഇത് കിട്ടാൻ പിന്നെ എന്തും ചെയ്യും എന്ന അവസ്ഥയിലേക്ക് ഇതിനോടുള്ള ആസക്തി കൊണ്ട് ചെന്ന് എത്തിക്കും.കൂട്ടുകാർ ഉപയോഗിക്കുന്നത് കണ്ടോ, പ്രലോഭനങ്ങളിൽ വഴങ്ങിയോ ആണ് പലരും ലഹരി മരുന്ന് ആദ്യമായി ഉപയോഗിക്കുന്നത്. പിന്നീട് അത് ഉപയോഗിക്കാതിരിക്കാൻ കഴിയാത്ത അവസ്ഥ ആവുകയും ചെയ്യുന്നു.

രാജ്യാന്തര ലഹരി മരുന്നു നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് നമ്മളെ ഞെട്ടിക്കും.ഏഷ്യൻ മേഖലയിൽ വിഷലഹരികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഇന്ത്യയിലാണെന്ന വിവരമാണ് അവർ പുറത്തുവിട്ടിരിക്കുന്നത്.രാജ്യത്ത് ചുരുങ്ങിയത് 30 ലക്ഷം പേരെങ്കിലും ലഹരിക്ക് അടിമയാണ് എന്നാണ് ഔദ്യോഗിക റിപ്പോർട്ട്.

മരണത്തിലേക്കുള്ള കുറുക്കുവഴിയാണ് ലഹരി മരുന്നിന്റെ ഉപയോഗം. എല്ലാ ലഹരി മരുന്നിന്റെയും ഉപയോഗത്തിന്റെ അവസാനം രോഗവും, ശാരീരിക വൈകല്യങ്ങളും, മരണവുമാണ്. ഇതിനടിമപ്പെട്ടവർ അത് ലഭ്യമാക്കാനുള്ള ശ്രമത്തിനിടയിൽ കുറ്റകൃത്യങ്ങൾ പോലും ചെയ്യാൻ മടിക്കാറില്ല. വൃക്ക രോഗങ്ങൾ,ഹൃദയരോഗങ്ങൾ, ആഹാരക്കുറവ് മൂലമുള്ള രോഗങ്ങൾ, രോഗപ്രതിരോധശേഷി കുറയുന്നത് മൂലം ഉണ്ടാകുന്ന അണുബാധ, മരുന്ന് കുത്തിവെക്കാൻ സൂചിയും സിറിഞ്ചും മാറിമാറി ഉപയോഗിക്കുന്നതുകൊണ്ട് വരാൻ സാധ്യതയുള്ള എയ്ഡ്സ് പോലെയുള്ള രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് തുടങ്ങി രോഗങ്ങളുടെ ഒരു നീണ്ട നിരയാണ് ഇവരെ കാത്തിരിക്കുന്നത്.

## ഈ ലക്ഷണങ്ങൾ സൂക്ഷിക്കുക

ലഹരി മരുന്നിന് അടിമയായ ഒരാളുടെ പൊതുവായ ലക്ഷണങ്ങൾ അവരെ തിരിച്ചറിയാനും പിന്തിരിപ്പിക്കാനും നമ്മെ സഹായിക്കും.

> അലസമായ വേഷവിധാനം, എപ്പോഴും മയക്കം, ഉറക്കക്കുറവ്, അശ്രദ്ധ, ഓർമ്മക്കുറവ്, പരസ്പര വിരുദ്ധമായ സംസാരം, വിഷാദം, ഒന്നിനോടും താല്പര്യമില്ലായ്മ, ഉത്കണ്ഠ, ആത്മഹത്യാ പ്രവണത എന്നിവ

> വീർത്ത കൺപോളകൾ, കലങ്ങിയ കണ്ണുകൾ,ലക്ഷ്യമില്ലാത്ത നോട്ടം, ചുണ്ടും വായും ഉണങ്ങുക,വായിൽ പത, ശരീര ശോഷണം തുടങ്ങിയ ശാരീരിക വ്യതിയാനങ്ങൾ.

> ഏകാന്തതയെ ഇഷ്ടപ്പെടുകയും തനിയെ സംസാരിക്കുകയും ചെയ്യുക,പെട്ടെന്നുള്ള വികാരാവേശം,അക്രമസ്വഭാവം, എന്നിവ കാണിക്കുക

> ശരീരത്തിൽ കുത്തിവെപ്പിന്റെ പാടുകൾ കാണുന്നത് പ്രകടമായ ലക്ഷണമാണ്.

## ലഹരി മരുന്നുകളെ പ്രധാനമായും നാലായിട്ടാണ് തിരിച്ചിരിക്കുന്നത്

1. വേദനസംഹാരികൾ

2. ഉത്തേജകങ്ങൾ

3. ബുദ്ധിഭ്രമം ഉണ്ടാക്കുന്നവ

4.മയക്കം ഉണ്ടാക്കുന്നവ

## മയക്കുമരുന്ന് ഉപയോഗിക്കാൻ പ്രേരകമാകുന്ന സാഹചര്യങ്ങൾ

> തൊഴിലില്ലായ്മ

> മാതാപിതാക്കളുടെ നിയന്ത്രണമില്ലായ്മ

> വീട്ടിൽ നിന്നും മാറി ഒറ്റയ്ക്കുള്ള താമസം

> മയക്കുമരുന്നുകളുടെ ലഭ്യത

> സ്കൂളിൽ നേരത്തെ പോവുക

> തകർന്ന കുടുംബബന്ധങ്ങൾ

> ക്ലാസിൽ ഹാജരാവാതെ അനാവശ്യ കൂട്ടുകെട്ടുകളിൽ പെടുക

> അമിതമായ പണ ലഭ്യത

> ടിവി, മൊബൈൽ ഫോൺ തുടങ്ങിയവയുടെ സ്വാധീനം

## <u>എങ്ങനെ തടയാം</u>

>കൗമാരക്കാർക്ക് സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ശാസ്ത്രീയമായതും ചെറുതും വലുതും ആയ ബോധവൽക്കരണ ക്ലാസുകൾ.

> ലഘുലേഖകളിലൂടെയും,വീഡിയോ,പ്രൊജക്ടർ തുടങ്ങിയവയിലൂടെയും കുട്ടികളെ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള വിനകൾ ബോധ്യപ്പെടുത്തുക.

> വ്യത്യസ്ത സ്വഭാവങ്ങളും ജീവിതാവസ്ഥയുമുള്ള കുട്ടികളെ കണ്ടെത്തി പുതുജീവൻ നൽകുക.

> മാതാപിതാക്കൾ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾ ഇടയ്ക്കിടെ സന്ദർശിച്ച് കുട്ടികളെ പറ്റി അധ്യാപകരുമായി ചർച്ച നടത്തുക.

> ആവശ്യമുള്ള കുട്ടികൾക്കും കുടുംബങ്ങൾക്കും ചികിത്സാ സൗകര്യവും കൗൺസിലിംഗും നടത്തുക.

നല്ല ഒരു കുടുംബജീവിതം ഉണ്ടാകുവാനും നല്ല സമൂഹത്തെ വളർത്തിയെടുക്കാനും നല്ല നാളേക്കുമായി എല്ലാവരും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായി പ്രതികരിക്കുക

# നല്ല നാളേക്കായി നമുക്ക് ഒന്നിക്കാം

# ചിത്രങ്ങളിലൂടെ



## കുഞ്ഞൂണ് പദ്ധതി









ചെറുധാന്യം ചെറുതല്ല

Millet Day
















നന്ദി